മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നത്തെക്കുറിച്ച് എനിക്ക് കിട്ടിയ റിപ്പോർട്ടാണ് ഞാൻ വായിക്കുന്നത്. പാലക്കാട് ശ്രീകൃഷ്ണപുരം ഈശ്വരമംഗലം മഹാഗണപതിക്ഷേത്രം വക 80,000 രൂപ വില മതിപ്പുള്ള പാത്രങ്ങൾ മുഖപരിചയമുള്ള ഒരാൾ വിവാഹാവശ്യത്തിനെന്നു പറഞ്ഞ് 2004 മേയ് 11-ന് വാടകയ്ക്കെടുത്തുകൊണ്ടുപോയി. വാടകയ്ക്കെടുത്തു കൊണ്ടുപോയ സാധനങ്ങൾ ഒരു മാസം കഴിഞ്ഞിട്ടും തിരിച്ച് കൊണ്ടു വരാത്തതിനാൽ ജൂൺ 10-ാം തീയതി ക്ഷേത്രം മാനേജർ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിൽ എത്തി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 420-ാം വകുപ്പുപ്രകാരം ക്രൈം 66/2004-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. ശ്രീകൃഷ്ണപുരം പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയെങ്കിലും വ്യക്തമായ സൂചനയൊന്നും ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ അന്വേഷണച്ചുമതല ചെർപ്പുളശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഏറ്റെടുക്കുകയും സമഗ്രമായ അന്വേഷണം നടത്തിവരുന്നതുമാണ്. പാലക്കാട് ശ്രീകൃഷ്ണപുരം ഈശ്വരമംഗലം മഹാഗണപതി ക്ഷേത്രത്തിൽ വിവാഹാവശ്യത്തിനായി എടുത്തുകൊണ്ടുപോയ പാത്രങ്ങളിൽ ചിലത് ഒറ്റപ്പാലത്തുള്ള ഒരു സ്വകാര്യ കല്യാണമണ്ഡപക്കാർ വിലയ്ക്ക് വാങ്ങിയത് തിരികെ അമ്പലകമ്മിറ്റിക്ക് നൽകിയിട്ടുള്ളതാണ്. 80,000 രൂപ വില മതിക്കുന്ന പാത്രങ്ങൾ നഷ്ടപ്പെട്ടതായിട്ടാണ് അമ്പലം മാനേജർ പരാതി നല്കിയിട്ടുള്ളത്. ഈ പരാതി കൂടുതൽ ഊർജ്ജിതമായി അന്വേഷിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(5) പാതിരിച്ചാൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി താലൂക്ക് ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം

ശ്രീമതി രാധാരാഘവൻ: സർ, മാനന്തവാടി താലൂക്കിലെ പാതിരിച്ചാൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി അഞ്ചു വർഷമായി ദ്വാരകയിൽ പ്രവർത്തിച്ചുവരുന്നു. താലൂക്കിലെ ഏക ആയുർവ്വേദ ആശുപത്രിയാണിത്. 20 കിടക്കാ സൗകര്യം മാത്രമാണ് നിലവിലുള്ളത്. ആയത് 50 കിടക്കാ സൗകര്യമുള്ളതാക്കി ഉയർത്തുന്നതിനും ആനുപാതികമായുള്ള എല്ലാ വിഭാഗം ജീവനക്കാരേയും നിയമിക്കുന്നതിനും നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, പാതിരിച്ചാൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി 20 കിടക്കളോടുകൂടിയതും മൂന്നു ഡോക്ടർമാരുടെ തസ്തികകൾ ഉള്ളതുമായ ആശുപത്രിയാണ്. ആയുർവ്വേദ വകുപ്പിൽ താലൂക്കാശുപത്രിയുടെ നിലവാരം നിശ്ചയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ജില്ലാ ആയുർവ്വേദാശുപത്രികളുടെ നിലവാരം ഘട്ടംഘട്ടമായി ഉയർത്തിയശേഷം മറ്റു ആയുർവ്വേദാശുപത്രികളുടെ വികസനത്തിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുള്ളത്. പത്താം പഞ്ചവൽസര പദ്ധതിയിൽ ഈ ആവശ്യത്തിനായി തുക വകയിരുത്തിയിട്ടില്ല. മാത്രമല്ല, ആശുപത്രികളുടേയും മറ്റും നിലവാരം

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണവും ആവശ്യമാണ്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സന്നദ്ധതയും സഹകരണവും ഈ കാര്യത്തിൽ അത്യാവശ്യമാണ്. ഈ കാര്യമെല്ലാം കണക്കിലെടുത്ത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഈ ആശുപത്രിയുടെ നിലവാരത്തെ സംബന്ധിച്ച കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതാണ്.

(6) സ്വർണ്ണത്തൊഴിലാളികൾക്കും മൺപാത്രനിർമ്മാണ തൊഴിലാളികൾക്കുമുള്ള ക്ഷേമനിധി

ശ്രീ. ബി. വിജയകുമാർ: സർ, സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽ പെട്ടവരാണ് സ്വർണ്ണത്തൊഴിലാളികളും മൺപാത്ര നിർമ്മാണ തൊഴിലാളികളും. ഇവർ പരമ്പരാഗത തൊഴിൽ വിഭാഗത്തിൽപ്പെട്ടവരാണ്. 1997 മാർച്ച് മാസം 21-ാം തീയതി ഞാൻ ഈ സഭയിൽ സ്വർണ്ണത്തൊഴിലാളികളുടെ ക്ഷേമം ലാക്കാക്കി ഒരു നിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുവന്ന ഒരു സബ്മിഷന് മറുപടിയായി ഒരു നിയമം കൊണ്ടുവരുമെന്ന് അന്നത്തെ ഇടതുപക്ഷ ഗവൺമെന്റ് എനിക്ക് സഭയിൽ ഉറപ്പു നൽകിയിരുന്നതാണ്. ഇന്നുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. കടകളിൽ ജോലി ചെയ്യുന്നവർ മാത്രമല്ല, സ്വന്തം വീടുകളിൽ വച്ച് സ്വർണ്ണാഭരണങ്ങൾ നിർമ്മിക്കുന്ന ധാരാളം തൊഴിലാളികളുമുണ്ട്. സ്വർണ്ണത്തൊഴിലാളികൾക്ക് വേണ്ടിയും മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കു വേണ്ടിയും ക്ഷേമനിധിയും പെൻഷനുമടക്കമുള്ള ഒരു പദ്ധതി കൊണ്ടു വരണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഈ മേഖലയിൽ നിന്ന് പിരിഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. പുതിയ കേന്ദ്ര ഗവൺമെന്റ്, ട്രെയിനിൽ മൺപാത്രങ്ങളിൽ ചായ കൊടുക്കാനുള്ള സംവിധാനം നടപ്പാക്കിക്കഴിഞ്ഞിരിക്കുകയാണ്. കേരളത്തിലുള്ള മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സ്ക്കോപ്പുള്ള ഒരു കാലഘട്ടമാണ്. മൺപാത്ര നിർമ്മാണ തൊഴിലാളികളെ ഈ രംഗത്ത് നിലനിർത്തണമെങ്കിൽ അവർക്ക് ക്ഷേമനിധിയും പെൻഷനും മറ്റാനുകൂല്യങ്ങളും നടപ്പാക്കേണ്ടതുണ്ട്. അതുകൊണ്ട് സഭയിൽ ഉറപ്പു നൽകിയതുപോലെ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വർണ്ണത്തൊഴിലാളികൾക്കും മൺപാത്രനിർമ്മാണ തൊഴിലാളികൾക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു നിയമം കൊണ്ടുവരണമെന്നാണ് ആവശ്യപ്പെടുന്നത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് സമൂഹത്തിലെ ഏറ്റവും ശ്രദ്ധ പതിയേണ്ട രണ്ടു വിഭാഗത്തെ സംബന്ധിച്ചാണ്. കേരളത്തിൽ ധാരാളം സ്വർണ്ണം വിറ്റഴിയുന്നുണ്ടെങ്കിലും സ്വർണ്ണത്തൊഴിലാളികളുടെ ജീവിതം പ്രയാസകരമാണ്. യഥാർത്ഥത്തിൽ കേരളത്തിൽ. ഏറ്റവുമധികം വിറ്റഴിയുന്ന സ്വർണ്ണം ആഗോള കമ്പനികൾ ഉണ്ടാക്കുന്ന സാധനമാണ്.

LIBRARY ARCHIVES Kerala Legislative Assembly